# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

8 -ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2024
സെപ്തംബർ 15


ഏലിയാ സ്ലീവ മുശെ നാലാം ഞായർ



# പോർക്കളങ്ങളിൽ ക്രിസ്തു എവിടെയാണ്?

സംഖ്യ 21:1–9; സഖ 10:8–12; ഗലാ 6: 11–18; മത്താ 10: 34–42

അയർലണ്ടിലെ രക്തസാക്ഷികളുടെ ചരിത്രത്തെ ആധാരമാക്കി ഒരു ടെലിവിഷൻ ചാനലിനു വേണ്ടി തിരക്കഥാ രചനയിൽ ഏർപ്പെട്ടിരുന്ന കാലത്ത് അയർലണ്ടിലെയും ഇംഗ്ലണ്ടിലെയും 15, 16 നൂറ്റാണ്ടുകളിലെ ചരിത്രം പഠിക്കാനിടയായി. ഇംഗ്ലണ്ടിലെ രാജഭരണത്തിനു കീഴിലായിരുന്ന അയർലണ്ടിലെ കത്തോലിക്കരുടെമേൽ ഹെന്റി എട്ടാമൻ മുതൽ കേളികേട്ട എലിസബത്ത് രാജ്ഞി ഉൾപ്പെടെയുള്ള ഇംഗ്ലീഷ് ഭരണകർത്താക്കൾ നടത്തിയ നരനായാട്ടിന്റെ കഥ ചുരുളഴിഞ്ഞു. പാട്രിക്ക് ഒ ഹെലി, ഒലിവർ പ്ലങ്കറ്റ്, ഡെർമട്ട് ഒ ഹേളി, ഡോമിനിക്ക് കോളിൻസ് തുടങ്ങിയ രക്തസാക്ഷികളുടെ അതിദാരുണമായ കൊലപാതകങ്ങൾ.

കത്തോലിക്കരുടെ വീക്ഷണകോണിൽ നിന്ന് നോക്കുമ്പോൾ അത് കത്തോലിക്കരുടെ മേൽ ആംഗ്ലിക്കൻ പ്രോട്ടസ്റ്റന്റുകാർ നടത്തിയ നരനായാട്ട്. എന്നാൽ മേരി ട്യൂഡർ എന്നൊരു കത്തോലിക്കാ രാജ്ഞി യും ഇംഗ്ലണ്ട് ഭരിച്ചിരുന്നു. ഹെന്റി എട്ടാമന്റെയും ആരഗോണിലെ കാതറിന്റെയും പുത്രിയായിരുന്ന മേരി തീയിൽ ചുട്ടുകൊന്നത് ഇരുനൂറ്റമ്പതിലേറെ പ്രോട്ടസന്റ് കാരെ! ആ ക്രൂരതയുടെ പേരിലാണ് മേരി ട്യൂഡറിന് ബ്ലഡി മേരി എന്നൊരു പേര് ബ്രിട്ടീഷുകാർ ചാർത്തിക്കൊടുത്തത്! മേരിയുടെ കൈകളാൽ കൊല്ലപ്പെട്ടവരിൽ ചിലരെങ്കിലും നിഷ്കള ങ്കരായ രക്തസാക്ഷികളാണെന്ന് പ്രോട്ടസ്റ്റന്റുകാർ പറഞ്ഞാൽ അവരെ തെറ്റു പറയാൻ സാധിക്കുമോ? അത് അവരുടെ വീക്ഷണകോണല്ലേ?

## പോരടിക്കുന്ന ക്രിസ്ത്യാനികൾ

അതെല്ലാം വായിക്കുമ്പോൾ എന്റെ മനസ്സിനെ മഥിച്ചത് മറ്റൊരു ചിന്തയായിരുന്നു. പ്രൊട്ടസ്റ്റന്റുകാരും കത്തോലിക്കരും ക്രിസ്തുവിൽ വിശ്വസിക്കുന്നവർ. ക്രിസ്തുവിന്റെ പഠനങ്ങളും ചൈതന്യവും പൈതൃ




**അഭിലാഷ് ഫ്രേസർ**

കവും പിന്തുടരുന്നു എന്നവ കാശപ്പെടുന്നവർ. സ്നേഹത്തിനും സത്യ ത്തിനും നീതിക്കും വേണ്ടി രക്തസാക്ഷിത്വം വരിച്ച യേശു ക്രിസ്തു വിന്റെ അനുയായികൾ എന്ന് അവകാശപ്പെടുന്നവർ തന്നെ പുതിയ രക്തസാക്ഷികളെ സൃഷ്ടിക്കുന്നു! വിശ്വാസത്തിന്റെ പേരിൽ മരിക്കുന്ന വരെ കുറിച്ചല്ല, വിശ്വാസത്തിന്റെ പേരിൽ കൊല്ലുന്നവരെ കുറിച്ചാണ് ഞാൻ പറയുന്നത്. ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുന്നതു കൊണ്ട് ഞാൻ നിന്നെ കൊല്ലുന്നു എന്ന ചിന്ത എന്തൊരു വിരോധാഭാസമാണ്! പ്രൊട്ടസ്റ്റന്റ് വിപ്ലവകാലത്ത് നിരവധി പേർ അങ്ങോട്ടും ഇങ്ങോട്ടുമുള്ള പോരുകളിൽ കൊല്ലപ്പെട്ടിട്ടുണ്ട്. കത്തോലിക്കരെ കൊന്നു തള്ളിയ പ്രൊട്ടസ്റ്റന്റുകാർ കരുതിയത് തങ്ങൾ ക്രിസ്തുവിന് ബലിയർപ്പിക്കുക യാണ് എന്നായിരിക്കില്ലേ? പ്രൊട്ടസ്റ്റന്റുകാരെ ചുട്ടു കൊന്ന മേരി ട്യൂഡർ കരുതിയത് താൻ ക്രിസ്തുവിന് ബലി അർപ്പിക്കുകയാണ് എന്നാ വില്ലേ? സ്വയം ബലിയും ബലിവസ്തുവും ആയവന്റെ നാമത്തിൽ നാം അപരനെ ബലി കൊടുക്കുന്നു! എന്തൊരു ദുരന്തമാണത്!

ഇന്ന് നമ്മൾ പറയുന്നു, ഇസ്ലാമിക തീവ്രവാദികളുടെയും സംഘ പരിവാറിന്റെയും കരങ്ങളാൽ ക്രൈസ്തവർ കൊല്ലപ്പെടുന്നുവെന്ന്! അപ്പോൾ ക്രിസ്ത്യാനികൾ തന്നെ അഭിപ്രായ വ്യത്യാസങ്ങളുടെയും ആചാരവ്യത്യാസങ്ങളുടെയും വിശ്വാസകാര്യങ്ങളിലെ ചെറിയ പൊരുത്ത ക്കേടുകളുടെയും പേരിൽ പരസ്പരം കൊലവിളിക്കുകയും പരസ്യ യുദ്ധം നടത്തുകയും ചെയ്യുന്നതോ? അതും ശത്രുവിനെ സ്നേഹിക്കാൻ ആവശ്യപ്പെട്ട ക്രിസ്തുവിന്റെ അനുയായികൾ?

വല്ലാതെ അസ്വസ്ഥതയുണർത്തുന്ന, നൊമ്പരപ്പെടുത്തുന്ന ഒരു വചനമാണ് ഇന്നത്തെ സുവിശേഷത്തിലേത്. 'ഭൂമിയിൽ സമാധാനമാണ് ഞാൻ കൊണ്ടു വന്നിരിക്കുന്നതെന്ന് നിങ്ങൾ വിചാരിക്കരുത്. സമാധാനമല്ല, വാളാണ് ഞാൻ കൊണ്ടു വന്നിരിക്കുന്നത്. സ്വന്തം കുടുംബത്തിൽപെട്ടവർ തന്നെയായിരിക്കും ഒരുവന്റെ ശത്രുക്കൾ...'

അനുഭവത്തിൽ നിന്നാണ് യേശു ആ വാക്കുകൾ ഉരുവിട്ടത്. അവന്റെ സഹോദരങ്ങൾ എന്നു പറയുന്നവർ യേശുവിനെ കുന്നിന്റെ മുകളിൽ നിന്ന് താഴേക്ക് എറിഞ്ഞു കൊല്ലാൻ ഒരുമ്പെടുന്നതിനെ കുറിച്ച് മറ്റൊരിടത്ത് നാം വായിക്കുന്നുണ്ട്. സ്വന്തം കുടുംബത്തിൽ പെട്ടവർ! ആലോചിച്ചു നോക്കിയാൽ കത്തോലിക്കരും പ്രൊട്ടസ്റ്റന്റു കാരും ഒരേ കുടുംബ ത്തിൽ പെട്ടവരല്ലേ? ഒരേ വിശ്വാസ പൈതൃക ത്തിൽ നിന്ന് വന്ന് ഇടയ്ക്കു വച്ച് വേർപിരിഞ്ഞു പോയവർ. പിരിഞ്ഞു പോയവർ ശത്രുക്കളായി. ശത്രുക്കളായപ്പോൾ ക്രിസ്തുവിന്റെ സ്നേഹം അവരുടെ ഹൃദയത്തിൽ നിന്ന് മാഞ്ഞു പോകുകയും അഹം, ഈഗോ വന്നു നിറയുകയും ചെയ്തു. വെറുപ്പ് നിറഞ്ഞാൽ പിന്നെ അവരെ നിയന്ത്രിക്കുന്നത് ക്രിസ്തുവല്ല, ഈഗോയാണ്. സ്വന്തം സഹോദരനെ കൊല്ലുന്നത് ദൈവത്തിന് ബലിയർപ്പി ക്കുന്നതിന് തുല്യമാണെന്ന് അവർ ധരിക്കുന്നു. ഒരു കൂട്ടർ ശിക്ഷകരും മറുകൂട്ടർ രക്തസാക്ഷിക ളുമാകുന്നു. ഇത് തിരിച്ചും സംഭവിക്കുന്നു.

## യഥാർത്ഥ ഭിന്നത ആരൊക്കെ തമ്മിൽ?

ക്രിസ്തീയ നാമം പേറുന്നവരിൽ, ക്രിസ്തുമതം എന്ന ഒരേ കുടുംബത്തിൽ പെട്ടവരിൽ ആരാണ് ക്രിസ്തുവിന്റെ പക്ഷത്ത്? പ്രൊട്ടസ്റ്റന്റുകാരും കത്തോലിക്കരും തമ്മിൽ പോരടിക്കുമ്പോൾ ക്രിസ്തു കത്തോലിക്കരുടെ പക്ഷത്താണെന്ന് നിങ്ങൾ പറയുന്നെങ്കിൽ, രണ്ട് കത്തോലിക്കർ തമ്മിൽ പോരടിക്കുമ്പോൾ ക്രിസ്തു ആരുടെ പക്ഷത്താണ്? അപ്പോൾ നമ്മൾ തേടുന്ന ഉത്തരം ഉപരിപ്ലവമല്ല. അത് ആഴമേറിയതാണ്. അത് ആന്തരികമാണ്. ഉള്ളിൽ ക്രിസ്തുവുണ്ടോ എന്നതാണ് ചോദ്യം. മനസ്സിൽ, ചിത്രങ്ങളിൽ കണ്ട ക്രിസ്തുവിന്റെ രൂപമുണ്ടോ എന്നതല്ല, സ്നേഹം, സത്യം, നീതി, കാരുണ്യം തുടങ്ങിയ ക്രിസ്തുവിന്റെ മൂല്യങ്ങളുണ്ടോ എന്നതാണ് ഉരകല്ല്. ക്രിസ്തുവിന്റെ ചൈതന്യം നിങ്ങളിലുണ്ടോ?

അപ്പോൾ, ക്രിസ്തുവിന്റെ ചൈതന്യം മനസ്സിൽ സൂക്ഷിക്കുന്ന വരും അത് ഇല്ലാത്തവരും തമ്മിലാണ് ഭിന്നത. സത്യത്തിനുവേണ്ടി നില കൊള്ളുന്നവരും വക്രതയുള്ളവരും തമ്മിലാണ് യുദ്ധം. സത്യത്തിന് വേണ്ടി നിലകൊള്ളുന്നവർക്ക് നുണ കാണുമ്പോൾ പ്രതിഷേധിക്കാൻ തോന്നും. ആ പ്രതിഷേധത്തോട് മനസ്സിൽ സത്യമില്ലാത്തവർ പ്രതികരി ക്കുന്നത് വന്യമായ രീതിയിലായി രിക്കും. ക്രിസ്തു പ്രതികരിച്ചതു പോലെയാണോ കുറുക്കനായ ഹേറോദേസ് പ്രതികരിച്ചതു പോലെ യാണോ നിങ്ങൾ പ്രതികരിക്കുന്നത്? നിങ്ങളുടെ പേരെന്താണ്, അതൊരു ക്രിസ്തീയ നാമമാണോ അല്ലയോ എന്നതൊന്നും വിഷയമല്ല. നിങ്ങ ളുടെ ചിന്തകളും പ്രവർത്തികളും പ്രതികരണങ്ങളും ക്രിസ്തുവിന്റെ ചൈതന്യത്തിന് യോജിച്ചതാണോ എന്നതാണ് പ്രധാനം.

അയർലണ്ടിലെ രക്തസാക്ഷികളുടെ കൂട്ടത്തിൽ മാർഗരറ്റ് ബാൽ എന്നൊരു വയോധികയായ വനിതയുണ്ട്. ഡബ്ലിനിലെ ലോഡ് മേയറുടെ ഭാര്യയായിരുന്ന അവരെ അറസ്റ്റ് ചെയ്തതും രക്തസാക്ഷി ത്വത്തിലേക്ക് വലിച്ചിഴച്ചതും സ്വന്തം പുത്രനായ വാൾട്ടർ ബാൽ ആയി രുന്നു. അപ്പോൾ കുടുംബത്തിൽ നിന്ന് തന്നെയാണ് ഭിന്നത ആരംഭി ക്കുന്നത്. സ് നേഹമുള്ളവരും സ്നേഹമില്ലാത്തവരും, സത്യമുള്ളവരും സത്യമില്ലാത്തവരും. ഈ ദ്വന്ദ്വം എല്ലാ വീടുകളിലുമുണ്ടല്ലോ. ആദാമിന്റെ മക്കളിൽ ഒരാൾ കായേനും മറ്റൊരാൾ ആബേലുമായതു പോലെ ഒരേ വീട്ടിൽ ദൈവത്തിന് അഭിമുഖമായി ജീവിക്കുന്നവരും ദൈവത്തിൽ നിന്ന് മുഖം തിരിച്ചു നിൽക്കുന്നവരും ഉണ്ട്. അപ്പോൾ പിന്നെയും ചോദ്യം: ദൈവത്തെ കുറിച്ച് വന്യമായ സങ്കൽപങ്ങൾ വച്ചു പുലർത്തുന്നവരോ? അവർ വിശ്വസിക്കുന്നത് തങ്ങൾ മനുഷ്യരെ കൊല്ലുന്നത് ദൈവത്തെ പ്രീതിപ്പെടുത്താൻ

വേണ്ടിയാണെന്നല്ലേ? ഉത്തരം യോഹന്നാൻ ശ്ലീഹാ നൽകുന്നുണ്ട്: ദൈവം സ്നേഹമാണ്! സ്നേഹ വിരുദ്ധമായ എല്ലാ ദൈവസങ്കൽപ ങ്ങളും സത്യവിരുദ്ധമാണ്.

## സ്നേഹമില്ലാത്ത ചട്ടക്കൂടുകളോ?

സ്നേഹത്തിൽ നിന്നുള്ള എല്ലാ മടങ്ങിപ്പോക്കുകളും ദൈവത്തിൽ നിന്നുള്ള മടങ്ങിപ്പോക്കാണ്. ഇതു തന്നെയാണ് പുതിയ തലമുറ മതങ്ങളെ വെറുക്കാനുള്ള കാരണം. സ്നേഹമില്ലാത്ത ചട്ടക്കൂടുകളാ കുമ്പോൾ പൗലോസ് പറയുന്നതു പോലെ മതങ്ങൾ മുഴങ്ങുന്ന ചേങ്ങ ലയോ ചിലമ്പുന്ന കൈത്താളമോ ആയി മാറുന്നു. ആത്മാവ് നഷ്ടപ്പെ ടുന്ന മതങ്ങൾ, സ്നേഹം നഷ്ടപ്പെട്ട ആൾക്കൂട്ടമാണ്.

ഇന്നത്തെ മറ്റൊരു വായനയായ ഗലാത്തിയാക്കാർക്കുള്ള ലേഖ നത്തിൽ പൗലോസ് പറയുന്നു, 'ശാരീരികമായ ബാഹ്യകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുന്നവരാണ് പരിച്ഛേദന കർമത്തിൽ നിങ്ങളെ നിർ ബന്ധിക്കുന്നത്', 'പരിച്ഛേദന കർമം നടത്തുന്നതിലോ, നടത്താതിരിക്കു ന്നതിലോ കാര്യമില്ല. പുതിയ സൃഷ്ടിയാവുക എന്നതാണ് പരമ പ്രധാനം!' ആന്തരികമായ ചൈതന്യത്തിലേക്കാണ് പൗലോസിന്റെ ഈ വാക്കു കൾ വിരൽ ചൂണ്ടുന്നത്. ബാഹ്യമായ പരിച്ഛേദനത്തിലല്ല കാര്യം. ക്രിസ്തീയ നാമത്തില്ല കാര്യം, പാരമ്പര്യത്തിലും ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലുമല്ല കാര്യം. ക്രിസ്തുവിന്റെ ആത്മാവ്, സ്നേഹം, നിങ്ങളുടെ ഉള്ളിൽ ഉണ്ടോ എന്നതാണ് പ്രധാനം. പുതിയ സഷ്ടിയാ കുമ്പോൾ പിന്നെ നമ്മുടെ പാരമ്പര്യം 'സ്റ്റപ്പുപ്പാക്കൊരാനേണ്ടാർന്ന്' എന്നതല്ല, നമ്മെ സ്നേഹിക്കുന്ന പിതാവിന്റെ മക്കളെന്ന നിലയി ലാണ്. നമ്മെ വീണ്ടെടുത്ത ക്രിസ്തുവിന്റെ സഹോദരങ്ങൾ എന്ന നിലയിലാണ്. അവിടെ ഉച്ചനീചത്വങ്ങളോ



വേർതിരിവുകളോ ഇല്ല!

ക്രിസ്തു ഉള്ളിലുണ്ടെങ്കിൽ മരണത്തെ ഭയപ്പെടേണ്ടതില്ല, കുരി ശിനെ പേടിക്കേണ്ട. കുരിശിലും മരണത്തിലും ക്രിസ്തുവിനോടൊപ്പ മായിരിക്കും നിങ്ങൾ. നിങ്ങൾ അംഗമായിരിക്കുന്ന കൂട്ടം നിങ്ങളെ തള്ളിപ്പറഞ്ഞാലും, കുടംബത്തിലും സമൂഹത്തിലും നിങ്ങൾ ഭ്രഷ്ടനാ യാലും ക്രിസ്തുവിനോട് ചേർന്നു നിൽക്കുമെങ്കിൽ നിങ്ങൾക്ക് ക്രി സ്തു വാഗ്ദാനം ചെയ്ത പ്രതിഫലം ലഭിക്കും. ക്രിസ്തുവിനെക്കാൾ വലിയൊരു പ്രതിഫലം വേറെയുണ്ടോ?

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com